ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM**

## പ്രധാനവാർത്തകൾ

**DATE: 23.08.2025**

1. ഇന്ന് ദേശീയ ബഹിരാകാശദിനം. ബഹിരാകാശ മേഖലയിലെ ഇന്ത്യയുടെ പുരോഗതി സാധാരണക്കാരുടെ ജീവിതം കൂടുതൽ മെച്ചപ്പെടുത്തിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

2. മലപ്പുറം, പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്ന നിലമ്പൂർ മെമു ഇന്ന് സർവീസ് ആരംഭിക്കും. കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഷൊർണ്ണൂരിൽ ഫ്ലാഗ് ഓഫ് ചെയ്യും.

3. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ ഭാഗമായി കളമശ്ശേരിയിൽ ആരംഭിക്കുന്ന അദാനി ലോജിസ്റ്റിക്സ് പാർക്കിന്റെ നിർമ്മാണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.

4. സംസ്ഥാനത്ത് ഒരാൾക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം; കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം ആറായി.

5. അർജന്റീന ഫുട്ബോൾ താരം മെസി നവംബറിൽ കേരളത്തിലെത്തുമെന്ന് കായിക മന്ത്രി വി അബ്ദുറഹിമാൻ. ഡ്യൂറണ്ട് കപ്പ് ഫുട്ബോൾ ഫൈനൽ ഇന്ന് കൊൽക്കത്തയിൽ.

RNU TVPM

***********************************************

## ദേശീയ ബഹിരാകാശ ദിനം

ഇന്ന് ദേശീയ ബഹിരാകാശദിനം. 2023 ആഗസ്റ്റ് 23-ന് ISRO യുടെ ചന്ദ്രയാൻ-3 ദൗത്യത്തിലൂടെ വിക്രം ലാൻഡർ ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ വിജയകരമായി സോഫ്റ്റ് ലാന്റിങ് നടത്തിയതിന്റെ ഓർമ്മയ്ക്കായാണ് ദിനാചരണം. ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ പേടകം ഇറക്കുന്ന ലോകത്തെ ആദ്യത്തെ രാജ്യവും ചന്ദ്രോപരിതലം സ്പർശിക്കുന്ന നാലാമത്തെ രാജ്യവുമായി ഇന്ത്യ മാറി. ആര്യഭട്ട മുതൽ ഗഗൻയാൻ വരെ - പ്രാചീന വിജ്ഞാനത്തിൽ നിന്ന് അനന്ത സാധ്യതയിലേക്ക് എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

******************************

## പ്രധാനമന്ത്രി - ബഹിരാകാശ ദിനം (ഇൻട്രോ)

ബഹിരാകാശ മേഖലയിലെ ഇന്ത്യയുടെ പുരോഗതി സാധാരണക്കാരുടെ ജീവിതം കൂടുതൽ മെച്ചപ്പെടുത്തിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ഇന്ത്യയും, ഇന്ത്യൻ ശാസ്ത്രജ്ഞരും ബഹിരാകാശ മേഖലയിൽ പുതിയ നാഴികക്കല്ലുകൾ കൈവരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. ദേശീയ ബഹിരാകാശ ദിനത്തോട് അനുബന്ധിച്ച് ISRO സംഘടിപ്പിച്ച പരിപാടിയിൽ വീഡിയോ സന്ദേശം നല്കുകയായിരുന്നു പ്രധാനമന്ത്രി. ഇന്ത്യയുടെ സ്വപ്നങ്ങൾക്ക് ചിറകുകൾ നൽകാൻ, ബഹിരാകാശ യാത്രാ സംഘങ്ങളുടെ ഭാഗമാകാൻ യുവജനങ്ങളെ അദ്ദേഹം ക്ഷണിച്ചു. സെമി-ക്രയോജനിക് എഞ്ചിൻ, ഇലക്ട്രിക് പ്രൊപ്പൽഷൻ തുടങ്ങിയ മികച്ച സാങ്കേതികവിദ്യകളിൽ ഇന്ത്യ ഇന്ന് അതിവേഗം വളരുകയാണെന്നും ശ്രീ മോദി പറഞ്ഞു.

(വോയിസ്)

RNU TVPM

******************************

## ബഹിരാകാശ ദിനം - കോഴിക്കോട്

ദേശീയ ബഹിരാകാശ ദിനത്തിന്റെ ഭാഗമായി സംസ്ഥാനത്തും വിവിധ പരിപാടികൾ. കോഴിക്കോട് മേഖലാ ശാസ്ത്ര കേന്ദ്രം പ്ലാനിറ്റേറിയത്തിൽ ഒരുക്കിയ പ്രത്യേക പ്രദർശനം ISRO മുൻ ഡെപ്യൂട്ടി ഡയറക്റ്റർ കെ. ജയറാം ഉദ്ഘാടനം ചെയ്തു.

നക്ഷത്രങ്ങളെയും ഗ്രഹങ്ങളെയും കുറിച്ചുള്ള പുരാതന നിരീക്ഷണങ്ങൾ, കലണ്ടറുകൾ, ഖഗോളീയ ഭൂപടങ്ങൾ തുടങ്ങിയവ പ്രദർശനത്തിലുണ്ടാകും.
******************************

## ഉപരാഷ്ട്രപതി - തെരഞ്ഞെടുപ്പ്

17-ാമത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിന്റെ നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന ഇന്നലെ നടന്നു. 28 പത്രികകൾ തള്ളി. അടുത്ത മാസം 9 നാണ് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ്. മഹാരാഷ്ട്ര ഗവർണർ സിപി രാധാകൃഷ്ണൻ എൻഡിഎ സ്ഥാനാർത്ഥിയായും മുൻ സുപ്രീം കോടതി ജഡ്ജി ബി സുദർശൻ റെഡ്ഡി I.N.D.I. സഖ്യ സ്ഥാനാർത്ഥിയായും മത്സരിക്കും.
******************************

## ഏവിയേഷൻ സമ്മിറ്റ്

പ്രഥമ കേരള ഏവിയേഷൻ സമ്മിറ്റ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കൊച്ചിയിൽ ഉദ്ഘാടനം ചെയ്യും. ഫിക്കിയും കൊച്ചി വിമാനത്താവളവും സംയുക്തമായാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. അതിവേഗം വളരുന്ന വ്യോമയാന മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുക, നവീകരണം പരിപോഷിപ്പിക്കുക തുടങ്ങിയവയാണ് പരിപാടിയുടെ ലക്ഷ്യം. രണ്ടു ദിവസത്തെ ഉച്ചകോടിയിൽ അൻപതിലേറെ വിദഗ്ധർ പങ്കെടുക്കും.

RNU TVPM

******************************

## മെമു സർവീസ് (ഇൻട്രോ)

മലപ്പുറം, പാലക്കാട് ജില്ലകളിലെ യാത്രക്കാർക്ക് ആശ്വാസമായി നിലമ്പൂർ മെമു ഇന്ന് സർവീസ് ആരംഭിക്കും. നിലമ്പൂരിലേക്കുള്ള ട്രെയിനിന്റെ ആദ്യ യാത്ര ഇന്ന് രാത്രി ഷൊർണ്ണൂരിൽ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഫ്ലാഗ് ഓഫ് ചെയ്യും.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്...**

(വോയിസ്)

******************************

## മുഖ്യമന്ത്രി ലോജിസ്റ്റിക്സ് പാർക്ക്

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ ഭാഗമായി കളമശ്ശേരിയിൽ ആരംഭിക്കുന്ന അദാനി ലോജിസ്റ്റിക്സ് പാർക്കിന്റെ നിർമ്മാണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. 70 ഏക്കർ ഭൂമിയിൽ 13 ലക്ഷം ചതുരശ്ര അടിയിലധികം വിസ്തൃതിലാണ് സംയോജിത ലോജിസ്റ്റിക്സ് പാർക്ക് സജ്ജമാവുക. പദ്ധതിയിലൂടെ ആയിരക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് വിലയിരുത്തൽ.
******************************

## ക്ലീൻ കേരള ഇക്കോ ബാങ്ക്

ക്ലീൻ കേരള കമ്പനിയുടെ ഇക്കോ ബാങ്ക് സംരംഭത്തിന് സംസ്ഥാനത്ത് തുടക്കമായി. വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള അജൈവ പാഴ്വസ്തുക്കൾ നേരിട്ട് കൈമാറുന്നതിനുള്ള കേന്ദ്രങ്ങളാണ് ഇക്കോ ബാങ്ക്. ആദ്യഘട്ടത്തിൽ 14 ജില്ലയിലും ഓരോ ഇക്കോ ബാങ്ക് വീതം ആരംഭിക്കും. പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി എം ബി രാജേഷ് നിർവഹിച്ചു. ഇലക്ട്രോണിക് മാലിന്യം, പ്ലാസ്റ്റിക്കുകൾ, ചെരിപ്പ്, ബാഗ് തുടങ്ങിയവയാണ് സ്വീകരിക്കുക.
******************************

## അമീബിക് മസ്തിഷ്ക ജ്വരം

സംസ്ഥാനത്ത് ഒരാൾക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്തു. കോഴിക്കോട് ചികിത്സയിലുള്ള മലപ്പുറം കാപ്പിൽ സ്വദേശിനിയായ 55-കാരിയ്ക്കാണ് പുതുതായി രോഗം റിപ്പോർട്ട് ചെയ്തത്. ഇതോടെ മെഡിക്കൽ കോളെജിൽ ചികിൽസയിലുള്ളവരുടെ എണ്ണം ആറായി. അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ ജാഗ്രത ശക്തമാക്കണമെന്ന് ആരോഗ്യവകുപ്പ് അറിയിച്ചു.
******************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നു. ഇന്ന്

RNU TVPM

6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.
*****************************

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 31 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിന്റെ 125-ാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 29 വരെ പങ്കുവയ്ക്കാം.
*****************************

## വർണപ്പകിട്ട് - ആർ ബിന്ദു

സാമൂഹികനീതി വകുപ്പ് സംഘടിപ്പിച്ച അഞ്ചാമത് സംസ്ഥാന ട്രാൻസ്ജെൻഡർ കലോത്സവം 'വർണപ്പകിട്ട്' ഇന്ന് സമാപിക്കും. കോഴിക്കോട് ജൂബിലി ഹാളിൽ നടക്കുന്ന സമാപന സമ്മേളനം മന്ത്രി ആർ ബിന്ദു ഉദ്ഘാടനം ചെയ്യും. മന്ത്രി പി എ മുഹമ്മദ് റിയാസ് അധ്യക്ഷനാകും.
*****************************

RNU TVPM

## ജെൻഡർ ബ്രിഗേഡ് ഗ്രൂപ്പ് - കണ്ണൂർ (ഇൻട്രോ)

ദുരന്തബാധിത പ്രദേശങ്ങളിലെ രക്ഷാ പ്രവർത്തനങ്ങക്ക് കുടുംബശ്രീ അംഗങ്ങളെയും സജ്ജമാക്കുന്നു. കണ്ണൂർ ജില്ലയിലെ ജെൻഡർ ബ്രിഗേഡ് ഗ്രൂപ്പ് അഴീക്കോട് പ്രവർത്തന സജ്ജമായി.
**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...**

(വോയിസ്)

*****************************

## അർജന്റീന - കായിക മന്ത്രി

അർജന്റീന ഫുട്ബോൾ ടീമും മെസിയും നവംബറിൽ കേരളത്തിലെത്തുമെന്ന് കായിക മന്ത്രി വി അബ്ദുറഹിമാൻ. ഇത് സംബന്ധിച്ച് അർജന്റീന ഫുട്ബോൾ അസ്സോസിയേഷനിൽ നിന്നും ഔദ്യോഗിക സ്ഥിരീകരണം ലഭിച്ചതായി മന്ത്രി അറിയിച്ചു. ഈ

വർഷത്തെ സൗഹൃദമത്സരങ്ങൾ നടക്കുന്ന വേദികൾ AFA സമൂഹ മാധ്യമത്തിലൂടെ പുറത്ത് വിട്ടിട്ടുണ്ട്.
*****************************

## ഡ്യൂറണ്ട് കപ്പ്

134-ാമത് ഡ്യൂറണ്ട് കപ്പ് ഫുട്ബോൾ ടൂർണമെന്റ് ഫൈനൽ ഇന്ന്. കൊൽക്കത്തയിലെ സാൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിൽ ഡയമണ്ട് ഹാർബർ എഫ്.സി - നോർത്ത് ഈസ്റ്റ് യുണൈറ്റഡുമായി ഏറ്റുമുട്ടും. വൈകിട്ട് 5.30-നാണ് മത്സരം.
*****************************

## കെ സി എൽ

കേരള ക്രിക്കറ്റ് ലീഗ് രണ്ടാം സീസണിന്റെ മൂന്നാം ദിനമായ ഇന്ന് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ, കൊച്ചി ബ്ലൂ ടൈഗേഴ്സ് - ആലപ്പി റിപ്പിൾസിനെ നേരിടും. ഉച്ചയ്ക്ക് 2.30 നാണ് മത്സരം. വൈകുന്നേരം 6.45ന് നടക്കുന്ന രണ്ടാം മത്സരത്തിൽ തൃശൂർ ടൈറ്റൻസും കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസും ഏറ്റുമുട്ടും.
*****************************

## ബിജെപി - സംസ്ഥാന ശില്പശാല

ബിജെപി സംസ്ഥാനതല ശില്പശാല തൃശ്ശൂരിൽ ആരംഭിച്ചു. ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ ജോർജ് കുര്യൻ ശില്പശാല ഉദ്ഘാടനം ചെയ്തു. പാർട്ടിയുടെ കേരള പ്രഭാരി പ്രകാശ് ജാവ്ദേക്കർ, സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ തുടങ്ങിയവരും സംസ്ഥാന നേതാക്കന്മാരും ശില്പശാലയിൽ പങ്കെടുക്കുന്നുണ്ട്.
*****************************

## സാക്ഷരത മിഷൻ സ്മാർട്ട് പദ്ധതി

സാക്ഷരത, ഡിജിറ്റൽ സാക്ഷരത എന്നിവയിലെ വിജയത്തിന് ശേഷം തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകുന്ന 'സ്മാർട്ട്' പദ്ധതി ഒരുക്കി സംസ്ഥാന സാക്ഷരത മിഷൻ. ആറ് മാസം ദൈർഘ്യമുള്ള കോഴ്സ് ആദ്യം വയനാട് ജില്ലയിൽ നടപ്പാക്കും. സ്മാർട്ടിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ഒ ആർ കേളു തിങ്കളാഴ്ച നിർവഹിക്കും.
*****************************

## ടിക് ടോക് നിരോധനം

RNUTVPM

ഇന്ത്യയിൽ ടിക് ടോക്കിന്റെ നിരോധനം നീക്കാൻ യാതൊരു ഉത്തരവും പുറപ്പെടുവിച്ചിട്ടില്ലെന്ന് കേന്ദ്രം. രാജ്യത്ത് ടിക് ടോക്കിന്റെ നിരോധനം നീക്കിയെന്ന തരത്തിൽ പ്രചരിക്കുന്ന വാർത്തകൾ തെറ്റാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചു. ഇന്ത്യയിൽ ഉപയോക്താക്കൾക്ക് ടിക് ടോക്കിന്റെ വെബ്സൈറ്റ് ഹോംപേജ് ഉപയോഗിക്കാൻ കഴിയുമെന്ന റിപ്പോർട്ടുകൾക്കിടെയാണ് വിശദീകരണം.

*****************************

**കോഴിക്കോട് മെഡിക്കൽ കോളേജ്**

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ ഒരു ഭാഗം നാളെ വൈകുന്നേരം 4 മണി മുതൽ തുറന്ന് പ്രവർത്തിക്കും. രണ്ട്, മൂന്ന്, നാല് നിലകളിലുള്ള വാർഡുകളും ന്യൂറോ സർജറി തീവ്ര പരിചരണ വിഭാഗവും ബുധനാഴ്ചയോടെ പ്രവർത്തന സജ്ജമാകും. സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലെ MRI റൂമിൽ പുക ഉയർന്നതിനെ തുടർന്നാണ് പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചിരുന്നത്.

*

**************

********************************************

RNU TVPM